RK1-2/2/2021 PLGEA

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടാത്ത ചോദ്യം നമ്പർ. 27 — 12.01.2021 - ൽ മറുപടിക്ക്

## ഒറ്റപ്പാലം മണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . പി . ഉണ്ണി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എത്ര പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ), (ബി), (സി) & ഡി) | റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. |
| ബി) ഓരോ പദ്ധതികളുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ; | | ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, ഊർജ്ജ വകുപ്പ് , വനിത ശിശു വികസന വകുപ്പ്, വനം വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 7192.78 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ് (പദ്ധതികൾ അനുബന്ധം 1-ൽ ) |
| സി) ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ പൂർത്തീകരിച്ചത്; | | അംഗീകരിക്കപ്പെട്ട പൊതുമരാമത്ത് |
| ഡി) ഓരോ പ്രവൃത്തിയുടേയും കാലികസ്ഥിതി വിശദമാക്കാമോ? | | |

വകുപ്പിന്റെ പദ്ധതികളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പാലക്കാട്- പെരിന്തൽമണ്ണ റോഡിന് (36.8 KM) 364.17 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് K .M .C കൺസ്ട്രക്ഷൻ കമ്പനിയുമായി 337 കോടി രൂപയുടെ കരാറിൽ ഏർപ്പെടുകയും ചെയ്തു. നിലവിൽ സൈറ്റ് ഇൻവെന്ററി ആൻഡ് ഡിസൈൻ ജോലികൾ നടന്നുവരുന്നു .

ഒറ്റപ്പാലം റവന്യൂ ഡിവിഷനിൽ റവന്യൂ വകുപ്പിന്റെ 7 വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 3.08 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയുമായി കരാർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇറിഗേഷൻ ഡിപ്പാർമെന്റിന്റെ ഒരു കോടി രൂപ ഭരണാനുമതിയുള്ള കാഞ്ഞിരപ്പുഴ ഇറിഗേഷൻ ഡിവിഷനിലെ കടമ്പഴിപ്പുറം പഞ്ചായത്ത് പുനിപ്പാറ ജംഗ്ഷൻ കനാലിന്റെ ലൈനിങ് ആൻഡ് പ്രൊട്ടക്ഷൻ ജോലികൾ പുരോഗമിക്കുന്നു

ലക്കിടിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ സി.ഡി.എസ് പരിധിയിൽ 210,000 രൂപ അടങ്കൽ തുകയുള്ള **കണക്ട് ടു വർക്ക്** പരിശീലന പദ്ധതിക്കുള്ള പരിശീലനകേന്ദ്രം സജ്ജമായിട്ടുണ്ട്, പ്രവർത്തനം ഈ മാസം ആരംഭിക്കുന്നതുമാണ് .

കൂടാതെ പാലക്കാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിലായി മൃഗസംരക്ഷണ വകുപ്പിന്റെ ജീവനോപാധി പദ്ധതിയിൽ ഉൾപ്പെടുത്തി 2,56,37,185 രൂപയുടെ സഹായം 3194 ഉപഭോക്താക്കൾക്ക് നൽകുന്നത് പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**

| S. No. | Sectors | Major Department | Implementing Unit | AS Amount (INR Cr) | Tender Amount (INR Cr) | Contract Amount (INR Cr) | Fund disbursed from RKI (INR Cr) | Expenditure Incurred (INR Cr) |
|---|---|---|---|---|---|---|---|---|
| 1 | Roads & Bridges | PWD | PWD Roads | 5137.99 | 3004.75 | 2332.06 | 90.50 | 0.00 |
| 2.1 | Roads & Bridges | LSGD | Rural Roads | 440.52 | 109.62 | 71.82 | 15.00 | 0.90 |
| 2.2 | Livelihoods | LSGD | Kudumbashree | 250.00 | 250.00 | 182.06 | 203.15 | 152.53 |
| 2,3 | Sanitation | LSGD | Suchitwa Mission | 12.70 | 0.64 | 0.64 | 0.00 | 0.00 |
| 3.1 | IWRM | WRD | Irrigation Department | 144.88 | 95.48 | 66.27 | 18.59 | 2.70 |
| 3.2 | Water Supply | WRD | KWA | 182.60 | 113.49 | 47.07 | 0.00 | 0.00 |
| 3.3 | Sanitation | WRD | PPD-WASCON, KWA | 8.00 | 0.00 | 0.00 | 0.00 | 0.00 |
| 4 | Forestry | Forest & Wildlife | Forest & Wildlife | 130.41 | 0.00 | 0.00 | 24.56 | 0.00 |
| 5 | Agriculture | Agriculture | Agriculture | 520.48 | 121.55 | 57.90 | 77.53 | 20.50 |
| 6 | AH&DD | Animal Husbandry | AHD | 163.12 | 71.48 | 71.48 | 71.48 | 0.00 |
| 7 | Fisheries | Fisheries & Ports | Fisheries & Ports | 6.24 | 4.08 | 2.83 | 2.47 | 2.30 |
| 8 | Cross-cutting – DRM/Open Data | Electronics & IT | KSITM | 4.24 | 4.10 | 0.60 | 2.10 | 0.20 |
| 9 | Cross-cutting - Env. & CC | Environment | KSBB | 5.00 | 1.00 | 1.00 | 1.00 | 0.00 |
| 10 | Cross-cutting - DRM | Power | KSEB | 42.60 | 0.00 | 0.00 | 0.00 | 0.00 |
| 11 | Cross-cutting -DRM | Revenue & DM | Revenue | 128.27 | 0.00 | 0.00 | 0.00 | 0.00 |
| 12 | Cross-cutting - DRM | Revenue & DM | KSDMA, KILA & CDIT | 7.30 | 7.30 | 7.30 | 7.30 | 0.00 |
| 13 | Cross-cutting - DRM | Woman & Child Welfare | Woman & Child Welfare | 8.43 | 0.00 | 0.00 | 0.00 | 0.00 |
| Total as on December 28, 2020 (INR Crore) | | | | 7192.78 | 3783.55 | 2841.03 | 513.68 | 179.13 |